**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2143** **16-03-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയതെന്ന് അറിയിക്കാമോ; | (എ) | ആർദ്രം ഒന്നാംഘട്ടം 1. ഉദുമ 2. വോർക്കാടി 3. എണ്ണപ്പാറ 4. മോഗ്രാൽ പുത്തൂർ 5. കയ്യൂർ 6. മുള്ളേരിയ 7. കരിന്തളം ആർദ്രം രണ്ടാം ഘട്ടം 24*7 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ 1. ചിറ്റാരിക്കൽ 2. നർക്കിലക്കാട് 3. വലിയപറമ്പ 4. പടന്ന 5. പാണത്തൂർ 6. ബയാർ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ 1. മൗക്കോട് 2. തൈക്കടപ്പുറം 3. തുരുത്തി 4. ഓലാട്ട് 5. മാവിലക്കടപ്പുറം 6. ഉടുമ്പുന്തല 7. അജാനൂർ 8. മടിക്കൈ 9. ആനന്ദാശ്രം 10. പള്ളിക്കര 11. ചട്ടഞ്ചാൽ 12. ആദൂർ 13. ബേളൂർ 14. കുമ്പഡാജെ 15. പുത്തിഗെ 16. പെർള ആർദ്രം മൂന്നാം ഘട്ടം 1. കരിച്ചേരി 2. കൊന്നക്കാട് 3. ബന്തടുക്ക 4. കളനാട് 5. ചെങ്കള 6. അംഗടിമൊഗർ 7. അരിക്കാടി 8. മധൂർ 9. വാണിനഗർ 10. മീഞ്ച |
| (ബി) | ഇതിന്റെ ഭാഗമായി എത്ര തസ്തികകളാണ് അധികമായി സൃഷ്ടിച്ചതെന്ന് സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | അധികമായി സൃഷ്ടിച്ച തസ്തികകളുടെ വിശദാംശം അനുബന്ധം ആയി ചേർക്കുന്നു. |
| (സി) | ഓരോ കുടുംബാരോഗ്യ കേന്ദ്രത്തിലും പുതുതായി ആരംഭിച്ച ചികിത്സാ സൗകര്യങ്ങളും സേവനങ്ങളും എന്തൊക്കെയെന്ന് വിശദമാക്കാമോ? | (സി) | ആർദ്രം പദ്ധതി വഴി പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയതോടെ ഒ.പി സേവനങ്ങൾ രാവിലെ 9.00 മണി മുതൽ വൈകുന്നേരം 6.00 മണി വരെ ആക്കുകയും, നഴ്സ് പ്രീ ചെക്ക് അപ്പ് , കൗൺസിലിംഗ്, നിത്യേനയുള്ള ജീവിതശൈലി രോഗ ക്ലിനിക്കുകൾ, ആസ്മ, ശ്വാസംമുട്ടൽ രോഗങ്ങൾക്കുള്ള ശ്വാസ് ക്ലിനിക്കുകൾ, മാനസികാരോഗ്യ പരിചരണത്തിനുള്ള ആശ്വാസ് ക്ലിനിക്ക്, നഴ്സുമരുടെ സ്ഥാപന ഔട്ട് റീച്ച് പ്രോഗ്രാം തുടങ്ങിയ സേവനങ്ങൾ നൽകി വരുന്നു. ആവശ്യമായ ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും നിയമനം നടത്തുക, ലബോറട്ടറി സൗകര്യങ്ങൾ ഒരുക്കുക, ആവശ്യമായ ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കുക. ഫീൽഡ് തല പ്രവർത്തനങ്ങളും, ഉപകേന്ദ്ര പ്രവർത്തനങ്ങളും |

| | | | |
|---|---|---|---|
| | | | ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ, ജീവനക്കാർക്കുള്ള പരിശീലനപരിപാടികൾ തുടങ്ങിയ കാര്യങ്ങൾ ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും ബഹുജന പങ്കാളിത്തത്തോടെയും നടപ്പിലാക്കി വരുന്നു. ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും, സൗഹാർദ്ദപരവുമായ സേവനം നൽകുക, ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും ആരോഗ്യസംബന്ധമായ ആവശ്യങ്ങൾ നിറവേറ്റുക ആവശ്യമെങ്കിൽ ഉയർന്ന തലത്തിലേക്ക് രോഗികളെ റഫർ ചെയ്യുക, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, രോഗികൾക്ക് പ്രൊട്ടോകോൾ/ചികിത്സ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക എന്നിവ കുടുംബാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളായി വിഭാവനം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

ആർദ്രം ഒന്നാം ഘട്ടം

| Sl No | Name of Institution | Assistant Surgeon | Staff Nurse | Lab Technician | Pharmacist |
|---|---|---|---|---|---|
| 1 | Udma | 1 | 2 | 1 | 1 |
| 2 | Vorkady | 1 | 2 | 1 | 1 |
| 3 | Ennappara | 1 | 2 | 1 | 1 |
| 4 | Mogral Puthoor | 1 | 2 | 1 | 1 |
| 5 | Kaooyoor | 1 | 2 | 1 | 1 |
| 6 | Mulleria | 1 | 2 | 1 | 1 |
| 7 | Karinathalam | 1 | 2 | 1 | 1 |
| | | | | | |

ആർദ്രം രണ്ടാം ഘട്ടം

| Sl No | Name of Institution | Assistant Surgeon | Staff Nurse | Lab Technican |
|---|---|---|---|---|
| 1. | Valiyaparamba | 1 | 2 | - |
| 2. | Padne | 1 | 1 | - |
| 3. | Maucode | 1 | 1 | 1 |
| 4. | Thaikadapuram | 1 | 2 | - |
| 5. | Thuruthi | 1 | 1 | 1 |
| 6. | Olat | 1 | 2 | 1 |
| 7. | Mavilakadappuram | 1 | 2 | 1 |
| 8. | Udumbanthala | 1 | 1 | 1 |
| 9. | Ajanur | 1 | 2 | 1 |
| 10. | Madikkai | 1 | 2 | 1 |
| 11. | Andashram | 1 | 2 | - |
| 12. | Pallikkare | 1 | 1 | 1 |
| 13. | Chattamchal | 1 | 2 | - |
| 14. | Adoor | 1 | 2 | 1 |
| 15. | Belloor | 1 | 1 | 1 |
| 16. | Kumbadaje | 1 | 2 | 1 |
| 17. | Puthigai | 1 | 2 | - |
| 18. | Perla | 1 | 2 | - |
| 19. | Narkilakadu | - | 1 | - |
| 20. | Beyar | - | 1 | 1 |
| 21. | Chittarickal | - | 1 | – |

Hari
Section officer